പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1536 — 13.07.2011 ൽ മറുപടിയ്ക്ക്

പെരുനാട് ജല വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. കെ.എസ്.ഇ.ബി. യുടെ പെരുനാട് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ; എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത് ; എത്ര ശതമാനത്തോളം പ്രവൃത്തികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട് ; ഇനിയും എന്തൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത് ; ഈ പദ്ധതിയുടെ ഇതേവരെയുള്ള നിർമ്മാണച്ചെലവും എത്രയാണ് ; ഇത് അടിയന്തിരമായി കമ്മീഷൻ ചെയ്യാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | എ. റാന്നി പെരുനാട് ജലവൈദ്യുതപദ്ധതിയുടെ സിവിൽ ജോലികൾ 93%വും ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 31%വും പൂർത്തിയായിട്ടുണ്ട്. അതായത് മൊത്തം 70% പുരോഗതി കൈവരിച്ചിട്ടുണ്ട്. (08.07.2011 വരെ).<br>36.68 കോടി രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്. യന്ത്രസാമഗ്രികളുടെ സ്ഥാപിക്കൽ ജോലികളാണ് ഇനി പൂർത്തിയാക്കാനുള്ളത്. 01.07.2011 വരെ 20.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>പദ്ധതിയുടെ നിർമ്മാണപുരോഗതി വിലയിരുത്തുന്നതിനായി ബോർഡ്, പ്രോജക്ട് മോണിറ്ററിംഗ് കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി സന്ദർശിച്ച് യന്ത്രസാമഗ്രികൾ ഉടൻ എത്തിക്കാനും പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങൾ കരാറുകാരന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി. | മണിയാർ ഡാം തുറന്നു വിടുമ്പോഴും വർഷകാലത്തും പെരുനാട് പദ്ധതിക്കായി തയ്യാറാക്കിയ അണക്കെട്ടിലെ ജലനിരപ്പുയരുമ്പോൾ മുങ്ങിപ്പോകുന്ന വസ്തുവിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ അപാകത പരിഹരിച്ച്, ഡാമിന്റെ കാച്ച്മെന്റ് ഏരിയയിൽ വരുന്ന മുഴുവൻ വസ്തു ഉടമകൾക്കും, അധികമായി മുങ്ങിപ്പോകുന്ന വസ്തുവിന്റെ വിസ്തീർണ്ണം കണക്കാക്കി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ; | ബി. | റാന്നി-പെരുനാട് പദ്ധതിക്കായി നിർമ്മിച്ചിട്ടുള്ള തടയണയുടെ പൂർണ്ണ സംഭരണശേഷി വരെ (full Reservoir level) ജലനിരപ്പുയരുമ്പോൾ മുങ്ങിപ്പോകുന്ന ഭൂമി ഉടമകൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ മണിയാർഡാം തുറന്നുവിടുമ്പോഴും വർഷ കാലത്തും ഉണ്ടാകുന്ന അധികജലനിരപ്പുമൂലം മുങ്ങിപ്പോകുവാൻ സാധ്യതയുള്ള ഭൂവുടമകളിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടില്ല. ഈ വസ്തുതകൾ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുമ്പോൾ മാത്രമേ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. |
| സി. | അധികമായി വെള്ളം കയറുന്നതുമൂലം മുങ്ങിപ്പോകുന്ന തോണിക്കടവ് പാലവും മാമ്പറ മണിയാർ റോഡിലെ നൂറ് മീറ്ററിലേറെ റോഡും ഉയർത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | സി. & ഡി. | ഈ വസ്തുതകൾ പദ്ധതിപണികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുമ്പോൾ വിലയിരുത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി. | വെള്ളത്തിന്റെ സമർദ്ദംമൂലം ഇടിഞ്ഞുതാഴുന്ന മാമ്പാറ-മണിയാർ റോഡിലെ കണ്ടംകുളം ബസ്സ് സ്റ്റോപ്പിന് സമീപമുള്ള സ്ഥലത്ത് സംരക്ഷണഭിത്തി കെട്ടി ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ